**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6330** **10-07-2024 - ൽ മറുപടിയ്ക്ക്**

**ചാലക്കുടിയിലെ ജലജീവൻ മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി നിയോജകമണ്ഡലത്തിൽ ജലജീവൻ മിഷന്റെ പ്രവർത്തനങ്ങളിലെ കാലതാമസം ഗൗരവമായി കാണുമോയെന്നും അതിനുള്ള പരിഹാരം കണ്ടെത്തുമോയെന്നും വ്യക്തമാക്കാമോ; | (എ) | ജൽ ജീവൻ മിഷന്റെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നിലവിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദമായ അവലോകനം കൃത്യമായ ഇടവേളകളിൽ നടത്താറുണ്ട്. തടസ്സങ്ങൾ ഉള്ളത് പരിഹരിയ്ക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പദ്ധതിയുടെ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ജലജീവൻ പദ്ധതി നാളിതുവരെ എത്ര ശതമാനം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | ചാലക്കുടി നിയോജകമണ്ഡലത്തിലെ കൊടകര ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ പ്രവൃത്തികൾ 69% പൂർത്തീകരിച്ചിട്ടുണ്ട്. കൊരട്ടി, പരിയാരം, കാടുകുറ്റി, മേലൂർ, അതിരപ്പിള്ളി എന്നീ പഞ്ചായത്തുകളിൽ ജലജീവൻ മിഷൻ പ്രവൃത്തികൾ 53% ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | മണ്ഡലത്തിലെ പലയിടങ്ങളിലും പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി മാസങ്ങളായി നിലച്ചിരിയ്ക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | നിലവിൽ വിവിധ പഞ്ചായത്തുകളിൽ ജലജീവൻ മിഷൻ പ്രവൃത്തിയിലുൾപ്പെടുത്തി പൈപ്പുകൾ സ്ഥാപിക്കുന്നതിന് ഇതര വകുപ്പുകളിൽനിന്നും അനുമതി ലഭിക്കുന്നതിലെ തടസ്സങ്ങൾ മൂലം ചിലയിടങ്ങളിൽ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് തടസ്സം വന്നിട്ടുണ്ട്. |
| (ഡി) | പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതിന് വെട്ടിപ്പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തി മന്ദഗതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (ഡി) | പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി വെട്ടിപ്പൊളിച്ച റോഡുകൾ സമയബന്ധിതമായി പൂർവ്വസ്ഥിതിയിലാക്കുവാൻ അതാത് പ്രവൃത്തികളുടെ കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊളിച്ച പഞ്ചായത്ത് റോഡുകളിൽ റീസ്റ്റോറേഷൻ പ്രവൃത്തികൾ നടന്നുവരുന്നു. |
| (ഇ) | നിലവിൽ പൈപ്പുകൾ സ്ഥാപിച്ചുകഴിഞ്ഞ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തി എന്നത്തേക്ക് | (ഇ) | നിലവിൽ പൈപ്പുകൾ സ്ഥാപിച്ചുകഴിഞ്ഞ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തികൾ 2024 |

| | | | |
|---|---|---|---|
| | പൂർത്തിയാക്കുമെന്ന് അറിയിക്കുമോ? | | ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിക്കാനുള്ള നടപടി എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ